**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 426** **05-07-2024 - ൽ മറുപടിയ്ക്ക്**

**കലാലയങ്ങളിൽ ലിംഗസമത്വം പ്രാവർത്തികമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ്,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കലാലയങ്ങളിൽ ലിംഗനീതി ബോധനത്തിനും പരാതി പരിഹാരത്തിനുമായി പ്രത്യേകമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | സംസ്ഥാനത്ത് കലാലയങ്ങളിൽ ലിംഗനീതി ബോധനത്തിനും പരാതി പരിഹാരത്തിനുമായി വിവിധങ്ങളായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വർത്തമാനകാല സമൂഹത്തിന്റെ വെല്ലുവിളികളും അവസര-ലിംഗ സമത്വ ത്തിന്റെ ആവശ്യകതയും സംബന്ധിച്ച ബോധവൽക്കരണ പരിപാടികൾ, സെമിനാറുകൾ എന്നിവ എല്ലാ വിദ്യാർത്ഥികളെയും ഒരു പോലെ പങ്കെടുപ്പിച്ചുകൊണ്ട് സമൂഹത്തിലുടനീളം ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസൂത്രണം ചെയ്യുന്നുണ്ട്. വിദ്യാർത്ഥികളുടെ പരാതികൾ പരിഹരി ക്കുന്നതിനായി കോളേജുകളിൽ ജെന്റർ സെൻസിറ്റൈസേഷൻ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ, സംസ്ഥാനത്തെ കുടുംബശ്രീ മിഷൻ മുഖാന്തിരം ലിംഗ സമത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി എല്ലാ കോളേജുകളിലും ക്ലബ്ബുകൾ രൂപീകരിച്ച് വിവിധ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പ്രാരംഭ നടപടികളും കൈക്കൊണ്ടിട്ടുണ്ട്.<br><br>എല്ലാ കോളേജുകളിലും Students/ Faculty Grievance Redressal Cell കൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>വിദ്യാർത്ഥികൾക്കിടയിൽ ലിംഗ സമത്വം, ലിംഗ നീതി, ശാരീരികവും മാനസികവുമായ പീഡനങ്ങൾ, ലൈംഗിക അതിക്രമങ്ങൾ, സ്ത്രീ വിരുദ്ധ ദുരാചാരങ്ങൾ എന്നിവയെപ്പറ്റി അവബോധം നടത്തുന്നതിനായി വിവിധ സർവ്വകലാശാലകൾക്ക് കീഴിലുള്ള കോളേജുകളിൽ ജെന്റർ ജസ്റ്റിസ് ഫോറം, സ്റ്റുഡൻസ് ഗ്രീവൻസ് റിഡ്രെസൽ കമ്മിറ്റികൾ, ഇന്റേണൽ കംപ്ലൈന്റ്സ് കമ്മിറ്റികൾ, ആന്റി റാഗിംഗ് |

| | | | |
|---|---|---|---|
| | | | കമ്മിറ്റികൾ, വുമൺ ഗ്രീവൻസ് കമ്മിറ്റികൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്. സർവ്വകലാശാലാതലത്തിൽ വിദ്യാർത്ഥികളുടെ പരാതികൾ കേൾക്കുവാൻ ബോർഡ് ഓഫ് അഡ്ജൂഡിക്കേഷൻ ഓഫ് സ്റ്റുഡന്റ്സ് ഗ്രീവൻസെസ് എന്ന സംവിധാനവും നിലവിലുണ്ട്.<br><br>ലിംഗ നീതിയുടെ ഭാഗമായി കാലിക്കറ്റ് സർവ്വകലാശാലയിലെ ട്രാൻസ് ജെൻഡർ വിദ്യാർഥികളുടെ ഉന്നത വിദ്യാഭ്യാസ അവകാശം സംരക്ഷിക്കുന്നതിന് വേണ്ടി സർവ്വകലാശാല, ട്രാൻസ്ജെൻഡർ നയം രൂപീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരം വിദ്യാർത്ഥികൾ അനുഭവിക്കുന്ന പാർശ്വവൽക്കരണം ഇല്ലാതാക്കാനും അവരുടെ ശാക്തീകരണം ഉറപ്പുവരുത്താനും സർവകലാശാലതലത്തിൽ ട്രാൻസ്ജെൻഡർ സെൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കലാലയങ്ങളിൽ ലിംഗനീതിയും തുല്യ പദവിയും എന്ന ആശയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി ഐ. എച്ച്. ആർ. ഡി യുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 2024അധ്യയന വർഷം മുതൽ വിദ്യാർത്ഥികൾക്ക് ജെന്റർ ന്യൂട്രൽ യൂണിഫോം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | കലാലയങ്ങളിൽ ലിംഗസമത്വം എന്ന ആശയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ; | (ബി) | ‘ എ ’ യിൽ മറുപടി നൽകിയിട്ടുണ്ട്. |
| (സി) | സമഭാവനയുടെ സത്കലാശാലകൾ എന്ന പ്രചാരണ പ്രവർത്തനങ്ങൾക്ക് കലാലയങ്ങളിൽ തുടക്കം കുറിച്ചിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ? | (സി) | സമഭാവനയുടെ സത്കലാശാലകൾ എന്ന പ്രചാരണ പ്രവർത്തനങ്ങൾക്ക് കോളേജ് വിദ്യാഭ്യാസ വകുപ്പിൽ തുടക്കം കുറിച്ചിട്ടുണ്ട്. സമൂഹത്തിൽ ലിംഗ സമത്വം നടപ്പിലാക്കേണ്ട ആവശ്യകത തിരിച്ചറിയുന്നതിനും അവ നടപ്പിലാക്കേണ്ട പ്രവർത്തന മാതൃക രൂപ കൽപ്പന ചെയ്യുന്നതിനുമായി കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അധ്യാപകരെ പങ്കെടുപ്പിച്ച് "സമഭാവനയുടെ സത്കലാ ശാലകൾ" എന്ന പേരിൽ ദ്വിദിന ശിൽപശാല സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത ശില്പശാലയിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ ഉൾപ്പെടുത്തി കോളേജുകളിൽ ജെന്റർ സെൻസിറ്റൈസേഷൻ ജെന്റർ ഇക്വാലിറ്റി ക്ലബ്ബുകൾ രൂപീകരിക്കുകയുണ്ടായി. പ്രസ്തുത ക്ലബ്ബുകളുടെ സഹായത്തോടെ കോളേജുകളിൽ നിരവധി ബോധവൽക്കരണ പരിപാടി കളും, കലാ-സാംസ്കാരിക-സാഹിത്യ മത്സരങ്ങളും നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ